ഉത്തരം

(എ&ബി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രാരംഭിക ഘട്ടങ്ങളിൽ 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് അവയിൽ 10 പദ്ധതികൾക്ക് 22-2-2014-ലെ സ.ഉ. (കൈ) നമ്പർ 18/14/ പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം സ്പീഡ് കേരള പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) 22-2-2014-ലെ ടി സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ ഉൾപ്പെട്ട രാമപുരം-നാലമ്പലം ദർശനം റോഡ്, കുഞ്ഞിക്കുഴി-വെട്ടത്തുകവല-കുറുച്ചാൽ റോഡ്, കോഴിക്കോട് ദേശീയപാത ബൈപ്പാസ്, പാലാരിവട്ടം ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു.

കോവിലകം താഴെ പാലം നിർമ്മാണം

284 (1369) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി കോട്ടൂർ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോവിലകം താഴെ പാലം പണി അവസാനിപ്പിച്ച് കരാറുകാരനെ ഒഴിവാക്കിയത് ഏത് തീയതിയിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലം പണിയുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കോട്ടൂർ ഭാഗത്ത് അപ്രോച്ച് റോഡ് ഇല്ലാത്തതു കാരണം പാലം പ്രയോജനപ്പെടുത്താൻ കഴിയാത്ത കാര്യം ചർച്ച ചെയ്യുന്നതിന് ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര യോഗം ചേർന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രശ്നപരിഹാരത്തിന് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരാറുകാരനെ ഔദ്യോഗികമായി ഒഴിവാക്കിയിട്ടില്ല.

(ബി) 1,99,30,403 രൂപ.

(സി) ഒരു യോഗം ചേർന്നു.

(ഡി) നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

285 (1370) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ കുന്നം ഹയർസെക്കണ്ടറി സ്കൂളിനും ഇലവുങ്കര വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മാവേലിക്കര താലൂക്കിലെ കുന്നം ഹയർസെക്കണ്ടറി സ്കൂളിനും ഇലവുങ്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

ചാലക്കുടി - ആനമല റോഡിന്റെ നവീകരണം

286 (1371) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി - വാഴച്ചാൽ - മലക്കപ്പാറ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള അന്തർ സംസ്ഥാന ടൂറിസ്റ്റ് പാതയായ ചാലക്കുടി - ആനമല റോഡിന്റെ അവസാന 10 കിലോമീറ്റർ ബി.എം. & ബി.സി. ടാറിംഗ് നടത്തി നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly